# ആഗോള ഉപഭോക്താക്കളിലേക്കെത്താൻ 'കേരള ബ്രാൻഡ്'

**കേരളത്തിലെ ഉൽപ്പന്നങ്ങൾക്ക് ബ്രാൻഡ് ഇമേജ് സൃഷ്ടിച്ച് ആഗോള ഉപഭോക്താക്കൾക്കിടയിലെത്താൻ നിങ്ങളെ കേരള ബ്രാൻഡ് സഹായിക്കുന്നു**



എസ്. ഹരികിഷോർ
ഐ.എ.എസ്

ഒരു സംരംഭത്തെക്കുറിച്ചോ ഉൽപ്പന്നത്തെക്കുറിച്ചോ ഉപഭോക്താക്കളുടെ മനസിൽ മായാത്ത ഒരു ചിത്രം വരയ്ക്കാൻ സഹായിക്കുന്നതിനുള്ള ഉപാധിയാണ് ബ്രാൻഡിംഗ്. ആഗോള ബ്രാൻഡിംഗ് ഉപയോഗിക്കുന്നത് ഉപഭോക്തൃ അവബോധം സൃഷ്ടിക്കാനും ആത്യന്തികമായി ലാഭം വർധിപ്പിക്കാനും സംരംഭങ്ങളെ സഹായിക്കും.

ആഗോള ഉപഭോക്താക്കളുടെ മനസിൽ കേരളത്തിന്റെ ഉൽപ്പന്നങ്ങളുടെ/സേവനങ്ങളുടെ ആകർഷകമായ ചിത്രം എത്തിക്കാനാണ് 'കേരള ബ്രാൻഡ്' വിഭാവനം ചെയ്തിരിക്കുന്നത്. 2023 വ്യവസായ-വാണിജ്യ നയത്തിന്റെ ഏഴ് പ്രധാന മേഖലകളിലൊന്നാണ് കേരള ബ്രാൻഡിന്റെ വികസനം. കേരളത്തിന്റെ തനത് ഉൽപ്പന്നങ്ങൾക്ക് കേരള ബ്രാൻഡ് സൃഷ്ടിച്ച് അവയുടെ ഗുണനിലവാരം ലോകത്തിന് ബോധ്യപ്പെടുക എന്നതാണ് നയത്തിന്റെ ലക്ഷ്യം. കേരളത്തിനകത്ത് ഉൽപ്പാദിപ്പിക്കപ്പെടുന്ന ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുകയും വിപണനം പ്രോത്സാഹിപ്പിക്കുകയും ചെയ്യുകയെന്നുള്ളതാണ് കേരള ബ്രാൻഡിലൂടെ ഉന്നം വെയ്ക്കുന്നത്. ഉൽപ്പന്നത്തിന്റെ ഗുണനിലവാര മാനദണ്ഡങ്ങൾ പാലിക്കപ്പെടാൻ സന്നദ്ധതയുള്ള ഉൽപ്പാദകരുടെ വിപണന അവസരങ്ങൾ വർധിപ്പിക്കുന്നതിന് കേരള ബ്രാൻഡിന് കഴിയും. കേരള ബ്രാൻഡ് സർട്ടിഫിക്കേഷൻ നേടുന്ന ഉൽപ്പന്നങ്ങൾ 'മെയ്ഡ് ഇൻ കേരള' എന്ന ബ്രാൻഡ് നാമത്തിൽ തദ്ദേശീയ വിദേശ കമ്പോളങ്ങളിൽ വിൽപ്പന നടത്താനുള്ള പദ്ധതിയാണ് 'കേരള ബ്രാൻഡ്'.

കേരളത്തിലെ ഉൽപ്പന്നങ്ങൾക്ക് 'ബ്രാൻഡ് ഇമേജ് സൃഷ്ടിച്ച് ആഗോള ഉപഭോക്താക്കളുടെ ഇടയിൽ ഇടം പിടിക്കുന്നതിന് കേരള ബ്രാൻഡിന് കഴിയും.

## പ്രോട്ടോകോൾ

വ്യവസായ മേഖലയിലെ അഭ്യുദയകാംക്ഷികൾ മുതലായവരിൽ നിന്നും ശേഖരിക്കുന്ന വിവരങ്ങൾ അടിസ്ഥാനമാക്കി കേരള ബ്രാൻഡ് പ്രകാരമുള്ള പൊതു ഗുണനിലവാര മാനദണ്ഡങ്ങൾ പാലിക്കപ്പെടുന്ന ഉൽപ്പന്നങ്ങൾ/ സേവനങ്ങൾ തിരഞ്ഞെടുക്കുന്നു. ഏത് വകുപ്പിനും ഏജൻസിക്കും ബന്ധപ്പെട്ട മേഖലകളിൽ നിന്നുള്ള ഉൽപ്പന്നങ്ങൾ/സേവനങ്ങൾ പരിചയപ്പെടുത്താം. സംസ്ഥാന സമിതി നിശ്ചയിച്ചിരിക്കുന്ന മാനദണ്ഡപ്രകാരമുള്ള ഗുണനിലവാരമില്ലെങ്കിൽ കേരള ബ്രാൻഡ് പ്രകാരമുള്ള സർട്ടിഫിക്കേഷൻ ലഭിക്കില്ല.

## യൂണിറ്റ് സെല്ലിംഗ് പ്രൊപ്പോസിഷൻ

കേരള ബ്രാൻഡ് താഴെ പറയും പ്രകാരമുള്ള യു.എസ്.പി പ്രതിഫലിപ്പിക്കുന്നു.

- കേരളത്തിൽ നിന്നുള്ള അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ചുള്ള ഉൽപ്പന്ന നിർമാണം.
- മുഴുവനായും കേരളത്തിൽ നിർമിക്കുന്നത്.
- ബാലവേല പ്രോത്സാഹിപ്പിക്കാത്തത്.
- ലിംഗ വിവേചനമില്ലാതെ പ്രവർത്തിക്കുന്ന ജോലി സ്ഥലങ്ങൾ.
- പരിസ്ഥിതി സൗഹൃദവും പരിസ്ഥിതി ബോധമുള്ളതുമായ പ്രവർത്തനങ്ങൾ.
- സുരക്ഷിതവും വൃത്തിയുള്ളതും പുരോഗമനപരവുമായ ജോലിസ്ഥലങ്ങൾ.
- സാങ്കേതികവിദ്യയിൽ ഊന്നിയ പ്രവർത്തനങ്ങൾ.

## കേരള ബ്രാൻഡ് സർട്ടിഫിക്കേഷൻ സാധുതയും പുതുക്കലും

കേരള ബ്രാൻഡ് സർട്ടിഫിക്കേഷൻ അനുവദിക്കുന്നത് തുടക്കത്തിൽ രണ്ട് വർഷമോ കേരള ബ്രാൻഡ് ഗുണനിലവാരം മാനദണ്ഡപ്രകാരമുള്ള ഗുണനിലവാര സർട്ടിഫിക്കറ്റുകളുടെ കാലാവധി കഴിയുന്നതുവരെയോ വരെയായിരിക്കും.

ഒരിക്കൽ സർട്ടിഫിക്കേഷൻ നൽകിക്കഴിഞ്ഞാൽ അനുവദിച്ച കാലാവധിയ്ക്കുള്ളിൽ അത് പുതുക്കാം. സർട്ടിഫിക്കേഷൻ പുതുക്കുന്നതിനായി പുതുക്കിയ ഗുണനിലവാര സാക്ഷ്യപത്രങ്ങളും സ്വയം സെർട്ടിഫൈ ചെക്ക് ലിസ്റ്റും അപേക്ഷയോടൊപ്പം ബന്ധപ്പെട്ട വകുപ്പിൽ സമർപ്പിക്കണം. സർട്ടിഫിക്കേഷൻ പുതുക്കുന്നതിലൂടെ, സ്ഥാപനങ്ങൾക്ക് കേരള ബ്രാൻഡ്-സർട്ടിഫൈഡ് ഐഡന്റിറ്റി എന്ന നിലയിൽ ലഭിക്കുന്ന അംഗീകാരങ്ങളിൽ നിന്നും അവസരങ്ങളിൽ നിന്നും പ്രയോജനം നേടാൻ കഴിയും.

## സർട്ടിഫിക്കേഷൻ റദ്ദ് ചെയ്യലും സസ്പെന്റ് ചെയ്യലും

ഒരിക്കൽ കേരള ബ്രാൻഡ് സർട്ടിഫിക്കേഷൻ അനുവദിക്കപ്പെട്ട് കഴിഞ്ഞാൽ കേരള ബ്രാൻഡ് പ്രകാരമുള്ള ഗുണനിലവാര മാനദണ്ഡങ്ങൾ, പ്രത്യേക മാനദണ്ഡങ്ങൾ, പൊതു മാനദണ്ഡങ്ങൾ എന്നിവ പാലിക്കപ്പെടാത്ത സ്ഥാപനങ്ങളുടെ സർട്ടിഫിക്കേഷൻ റദ്ദ് ചെയ്യാനോ സസ്പെന്റ് ചെയ്യാനോ അത് അനുവദിച്ച അധികാരികൾക്ക് പ്രത്യേക അവകാശമുണ്ടായിരിക്കും.

## പരിശോധന

കേരള ബ്രാൻഡിന്റെ പദവി ഉറപ്പാക്കുന്നതിനായി കാലാകാലങ്ങളിൽ പരിശോധിക്കുന്നതിന് ഒരു പരിശോധനാ സമിതിയുണ്ടായിരിക്കും. ഗുണനിലവാര മാനദണ്ഡങ്ങളിലും മറ്റ് മാനദണ്ഡങ്ങളിലും എന്തെങ്കിലും ന്യൂനതകൾ കണ്ടെത്തിയാൽ നിശ്ചിത സമയപരിധിക്കുള്ളിൽ അത് പരിഹരിക്കുന്നതിന് അവസരം നൽകും. അങ്ങനെ ചെയ്യാത്ത പക്ഷം സർട്ടിഫിക്കേഷൻ റദ്ദ് ചെയ്യുകയോ സസ്പെന്റ് ചെയ്യുകയോ ചെയ്യും.

## സർട്ടിഫിക്കേഷൻ സംസ്ഥാന തല കമ്മിറ്റി

കേരള ബ്രാൻഡ് സർട്ടിഫിക്കേഷൻ അവാർഡ് ചെയ്യുന്നത് സംസ്ഥാനതല സമിതിയാണ്. പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനും ബന്ധപ്പെട്ട വകുപ്പിന്റെ സെക്രട്ടറി കോ-ചെയർമാനും വ്യവസായ വാണിജ്യ ഡയറക്റ്റർ കൺവീനറുമായ സമിതിയിൽ മറ്റ് എഴ് അംഗങ്ങളാണുള്ളത്.

## താലൂക്ക് തല കമ്മിറ്റി


താലൂക്ക്തല സെലക്ഷൻ കമ്മിറ്റി കേരള ബ്രാൻഡിനുള്ള അപേക്ഷകൾ പരിഗണിക്കുകയും ബന്ധപ്പെട്ട ഓരോ വകുപ്പിന്റെയും തിരഞ്ഞെടുക്കൽ മാനദണ്ഡത്തെ അടിസ്ഥാനമാക്കി കേരള ബ്രാൻഡ് നൽകുകയും ചെയ്യും. ■

### ലക്ഷ്യങ്ങൾ

- ധാർമികവും ഉത്തരവാദിത്വപരവുമായ വ്യവസായ നടത്തിപ്പിനെ തിരിച്ചറിയുക.
- ആഗോള തലത്തിൽ വിശ്വസ്തരായ ഉപഭോക്താക്കളുടെ അടിത്തറ സൃഷ്ടിക്കുക.
- പ്രത്യേകമായ ഗുണനിലവാര മാനദണ്ഡങ്ങൾ പുലർത്തുന്ന സംരംഭങ്ങളെ തിരിച്ചറിയുക.
- ആഭ്യന്തരമായി വളരുന്ന സംരംഭങ്ങളുടെ വിപണന സാധ്യതകൾ വർധിപ്പിക്കുകയും അതിലൂടെ തനത് ഉൽപ്പന്നങ്ങൾക്ക് മൂല്യവർധനവ് സൃഷ്ടിക്കുകയും ചെയ്യുക.
- കേരളത്തിലെ സംരംഭങ്ങളുടെ കയറ്റുമതി പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുകയും ഉയർത്തുകയും ചെയ്യുക.

### നേട്ടങ്ങൾ

- ഉപഭോക്താക്കൾക്ക് ഉയർന്ന ഗുണമേന്മയുള്ള നിലവാരം പുലർത്തുന്ന ഉൽപ്പന്നങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനും വിൽപ്പന വർധിപ്പിക്കുന്നതിനും കേരള ബ്രാൻഡ് സഹായകരമാകും.
- ആഭ്യന്തര വിദേശ കമ്പോളങ്ങളിൽ മെയ്ഡ് ഇൻ കേരള എന്ന ബ്രാൻഡിൽ സാധനങ്ങൾ വിൽപ്പന നടത്താൻ കഴിയും.
- ഉയർന്ന ഗുണനിലവാരമുള്ള സർട്ടിഫിക്കേഷൻ ലഭിക്കുന്നതിന് സാമ്പത്തിക സഹായം കിട്ടുകയും അതുവഴി കയറ്റുമതി വർധിപ്പിക്കുകയും ചെയ്യും.
- വിപണി വിപുലീകരിക്കുന്നതിനും ഉപഭോക്തൃ അടിത്തറ വിപുലപ്പെടുത്തുന്നതിനും കഴിയും.
- അന്താരാഷ്ട്ര വ്യാപാര മേളകൾ, മാർക്കറ്റിംഗ് എക്സ്പോ മുതലായവയിൽ പങ്കെടുത്ത് ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കാം.
- ലോകത്തിന്റെ എല്ലാ ഭാഗത്തും വ്യാപിച്ച് കിടക്കുന്ന മലയാളി സമൂഹത്തിലേക്ക് കേരളത്തിന്റെ തനത് ഉൽപ്പന്നങ്ങൾ എത്തിച്ചേരുന്നതിന് കേരള ബ്രാൻഡിംഗിലൂടെ സാധ്യമാകും.



*(കെ.എസ്.ഐ.ഡി.സി എം.ഡിയും വ്യവസായ വാണിജ്യ വകുപ്പിന്റെ ഡയറക്റ്ററുമാണ് ലേഖകൻ)*